4. ശ്രീ. വി. സോമസുന്ദരം, ഐ.എ.എസ്.
5. ശ്രീ. എൻ.വി. മാധവൻ, ഐ.എ.എസ്.
6. ശ്രീ. ടി.ജി. രാജേന്ദ്രൻ, ഐ.എ.എസ്.
7. ശ്രീ. സക്കറിയാ മാത്യു, ഐ.എ.എസ്. (റിട്ടയേർഡ്)
8. ശ്രീ. ജെ. സുധാകരൻ, ഐ.എ.എസ്.
9. ശ്രീ. പി.സി. സനൽകുമാർ, ഐ.എ.എസ്.

വിജിലൻസ് അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥർ

28(1496) ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥന്മാരിൽ എത്ര പേർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്.

(ബി) എത്ര പോലീസ് ഉദ്യോഗസ്ഥന്മാരുടെമേൽ വിജിലൻസ് കേസുകൾ നിലവിലുണ്ട്;

(സി) വിജിലൻസ് അന്വേഷണം നേരിടുന്നതും വിജിലൻസ് കേസുകൾ നിലവിലുള്ളതുമായ പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരും റാങ്കും വ്യക്തമാക്കുമോ?

ഉത്തരം

(എ) 64 പോലീസ് ഉദ്യോഗസ്ഥന്മാർ

(ബി) 34 പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ വിജിലൻസ് കേസുകൾ നിലവിലുണ്ട്.

(സി) വിജിലൻസ് അന്വേഷണം/കേസ് നേരിടുന്ന ഉദ്യോഗസ്ഥന്മാരുടെ വിവരം താഴെചേർക്കുന്നു.

പോലീസ് ഡയറക്ടർ ജനറൽ	-	1
പോലീസ് സൂപ്രണ്ട്	-	4
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്	-	19
സർക്കിൾ ഇൻസ്പെക്ടർ	-	32
സബ് ഇൻസ്പെക്ടർ	-	16
അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ	-	5
ഹെഡ് കോൺസ്റ്റബിൾ	-	20
പോലീസ് കോൺസ്റ്റബിൾ	-	21

കേസുകളുടെ രഹസ്യ സ്വഭാവം സൂക്ഷിക്കേണ്ടതുള്ളതുകൊണ്ട് ഇവരുടെ പേരു വിവരം വെളിപ്പെടുത്തുന്നത് ഉചിതമല്ല.

LIBRARY ARCHIVES Kerala Legislative Assembly